ആശുപത്രികൾ

* 624. [23] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ:

(എ) കഴിഞ്ഞവർഷത്തിൽ എത്ര ആശുപത്രികൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഈ വർഷത്തിൽ എത്ര;

(സി) ഓരോ ഡിസ്ട്രിക്റ്റിലും കഴിഞ്ഞ കൊല്ലത്തിലും ഇക്കൊല്ലത്തിലും എത്ര?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 6 ഡിസ്പെൻസറികൾ; ആശുപത്രികൾ തുറന്നിട്ടില്ല.

(ബി) രണ്ടു ഡിസ്പെൻസറികൾ ആശുപത്രികൾ തുറന്നിട്ടില്ല

(സി)

	1954-55.	1955-56
തിരുവിതാംകൂർ ഡിസ്ട്രിക്റ്റ്	2	....
കോട്ടയം ,,	2	....
കൊല്ലം ,,	....	1
തിരുവനന്തപുരം ,,	2	1

ശ്രീ. എം. എ. ആൻറണി: ഈ കൊല്ലം പുതിയതായി ഏതെങ്കിലും സ്ഥലത്തു ആശുപത്രികൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹീം: ഇക്കൊല്ലം മൂന്നു ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ട്. അതു കൂടാതെ ഈ സാമ്പത്തികവർഷത്തിൽ ഒൻപതു ഡിസ്പെൻസറികളും കൂടി ആരംഭിക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ: ഒരു വർഷത്തിനുമുമ്പ് ഒരു ഡിസ്പെൻസറി തുടങ്ങാൻ അനുവാദം കൊടുത്തിരുന്നിട്ട് ഇതുവരെ തുടങ്ങിയിട്ടില്ല എന്നറിയാമോ?

ശ്രീ. എ. എ. റഹീം: ഗവണ്മെൻറ് ആവശ്യപ്പെട്ടതനുസരിച്ചുള്ള കെട്ടിടങ്ങളും ഉപകരണങ്ങളും നൽകാത്തതുകൊണ്ടാണ് തുടങ്ങാത്തത്. അതു നൽകിയാൽ ഉടനെതന്നെ ആരംഭിക്കുന്നതാണ്.

ശ്രീ. എം. എ. ആൻറണി: കെട്ടിടവും സ്ഥലവും ഉപകരണങ്ങളും തന്നാൽ ആശുപത്രി അനുവദിക്കുമോ?

ശ്രീ. എ. എ. റഹീം: കെട്ടിടവും ഉപകരണങ്ങളും ലഭിച്ചാൽത്തന്നെ അവിടെ ആശുപത്രി ആവശ്യമുണ്ടെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടാൽ മാത്രമെ അനുവദിക്കാൻ നിവൃത്തിയുള്ളൂ.

ശ്രീ. എം. എ. ആൻറണി: ഈ ആശുപത്രികൾ സ്ഥാപിക്കുന്നതിനു ഗവണ്മെൻറ് സ്വീകരിച്ചിരിക്കുന്ന നയമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹീം : അതു പലപ്രാവശ്യവും ഇവിടെ പറഞ്ഞിട്ടുള്ളതാണ്. അതായതു് അനുവദിക്കാൻപോകുന്ന ഡിസ്പെൻസറിയും മറ്റൊരു ഡിസ്പെൻസറിയുമായി അഞ്ചുമൈൽ ദൂരമുണ്ടായിരിക്കണം. ആ സ്ഥലത്തു് 20000-ൽ കൂടുതൽ ആളുകൾ താമസമുണ്ടായിരിക്കണം. ഇങ്ങനെ ചില സാമാന്യനിയമങ്ങൾ ഉണ്ടു്.

ശ്രീ. എം. എ. ജോൺ : ഗവണ്മെന്റു പറഞ്ഞിട്ടുള്ളതായ എല്ലാ കാര്യങ്ങളും ഉണ്ടായിട്ടും അവിടെ ഒരു ആശുപത്രി തുടങ്ങുന്നില്ല എന്നറിയാമോ ?

ശ്രീ. എ. എ. റഹീം : ഗവണ്മെന്റു പറഞ്ഞിട്ടുള്ളപ്രകാരം എല്ലാ കാര്യങ്ങളും ഉണ്ടെങ്കിൽ നിശ്ചയമായും ഉടനെതന്നെ അനുവദിക്കുന്നതാണ്.

ശ്രീ. എം. വി. ചെറിയാൻ : ഈ കാര്യങ്ങൾ എല്ലാം അലോപ്പതി ആശുപത്രികളെ സംബന്ധിച്ചുള്ളതല്ലേ ?

ശ്രീ. എ. എ. റഹീം : അതെ.

ശ്രീ. എം. വി. ചെറിയാൻ : ആയുർവേദാശുപത്രികൾ അനുവദിച്ചിട്ടു നടക്കാതിരിക്കുന്നതിനു കാരണമെന്താണു് ?

ശ്രീ. എ. എ. റഹീം : അതിനാവശ്യമുള്ള കെട്ടിടങ്ങൾ പൂർത്തിയായില്ല. പൂർത്തിയായാൽ ഉടനെ തുടങ്ങുന്നതാണ്. അതിനാവശ്യമുള്ള സ്റ്റാഫിനെയും നിയമിച്ചുകഴിഞ്ഞിട്ടില്ല. അതുകൊണ്ടുള്ള താമസമാണ്.

ശ്രീ. കെ. പി. ഹോർമീസ് : ഇക്കൊല്ലം പുതിയതായി ആരംഭിക്കുന്ന ഡിസ്പെൻസറികളുടെ കൂട്ടത്തിൽ പെരുമ്പാവൂർ ഉൾപ്പെട്ടുമോ ?

ശ്രീ. എ. എ. റഹീം : പെരുമ്പാവൂർ ഉൾപ്പെട്ടുന്നില്ല.

ശ്രീ. പി. ഗോപാലൻ : ഏതെല്ലാം ഡിസ്പെൻസറികളാണ് ആശുപത്രികളായി ഉയർത്താൻ പോകുന്നതു് ?

ശ്രീ. എ. എ. റഹീം : ഹരിപ്പാടു്; തൊടുപുഴ, പുനലൂർ ഇവയാണ്.